# ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര ശൂറാ പ്രമേയങ്ങൾ

**ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര കൂടിയാലോചനാ സമിതി(ശൂറാ)യുടെ ഒരു സുപ്രധാനയോഗം 2008 ഏപ്രിൽ 17 മുതൽ 20 വരെ ദൽഹിയിലെ ജമാഅത്ത് ആസ്ഥാനത്ത് ചേരുകയുണ്ടായി. ഇന്ത്യയിൽ സാധാരണക്കാരുടെയും ഇടത്തരക്കാരുടെയും കുടുംബബജറ്റ് അട്ടിമറിച്ചുകൊണ്ട് അതിരൂക്ഷമായി തുടരുന്ന വിലക്കയറ്റവും നാണയപ്പെരുപ്പവും കാർഷികമേഖലയിലെ പ്രതിസന്ധിയുമൊക്കെ അത്യന്തം ഉത്കണ്ഠാ ജനകമാണെന്നും കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളിൽ കാതലായ തിരുത്തലുകൾ വരുത്താതെ പരിഹാരം അസാധ്യമാണെന്നും ശൂറാ വിലയിരുത്തി. മീഡിയയും സർക്കാർ ഏജൻസികളും ആസൂത്രിതമായി ഇസ്‌ലാംഭീതി പ്രചരിപ്പിക്കുകയാണെന്നും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ മുസ്‌ലിം ചെറുപ്പക്കാർ അകാരണമായി അറസ്റ്റു ചെയ്യപ്പെടുന്നത് ഇതിന്റെ അനന്തരഫലമാണെന്നും ശൂറാ പ്രമേയങ്ങൾ കുറ്റപ്പെടുത്തുന്നു. ഗസ്സക്കെതിരെ തുടരുന്ന ഉപരോധം അവസാനിപ്പിക്കണമെന്നും ജാമിഅ മില്ലിയ്യ ഇസ്‌ലാമിയക്ക് ന്യൂനപക്ഷ പദവി നൽകണമെന്നും ശൂറ ആവശ്യപ്പെട്ടു. പ്രമേയങ്ങൾ ചുവടെ:**

## വിലക്കയറ്റം ജനജീവിതം ദുസ്സഹമാക്കുന്നു

**ജനജീവിതം** ദുസ്സഹമാക്കുന്ന വിധത്തിൽ അവശ്യസാധനങ്ങളുടെ വില ക്രമാതീതമായി ഉയരുന്നത് അത്യന്തം ആശങ്കാജനകമാണെന്ന് ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര കൂടിയാലോചനാ സമിതി വിലയിരുത്തുന്നു. കഴിഞ്ഞ നാലു വർഷത്തിനകം നാണ്യപ്പെരുപ്പം 7.41 ശതമാനമായി ഉയർന്നു. ചില പഠന റിപ്പോർട്ടുകൾ പ്രകാരം, നാണ്യപ്പെരുപ്പത്തിന്റെ തോത് ഇതിനേക്കാൾ കൂടുതലാണ്. ഇതിന്റെ ഫലമായി ധാന്യങ്ങൾക്കും പച്ചക്കറികൾക്കും മറ്റു അവശ്യവസ്തുക്കൾക്കും ദിനേന വില കയറിക്കൊണ്ടിരിക്കുന്നു.

സാധാരണക്കാരന്റെ പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ച് അധികാരത്തിലെത്തിയ യു.പി.എ ഗവൺമെന്റ് സാധാരണക്കാരനെ അവഗണിച്ചുകൊണ്ടാണ് മുന്നോട്ടു പോകുന്നത്. അത്യന്തം നിരാശാജനകമാണ് ഈ നിലപാട്. ലോകസാമ്പത്തിക ശക്തികൾ നിർദേശിച്ചുകൊടുത്ത നയങ്ങളുമായാണ് കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഒരുവശത്ത് ജി.ഡി.പിയുടെ മാസ്മരിക വളർച്ചയെക്കുറിച്ച് പെരുമ്പറ കൊട്ടുമ്പോൾ, മറുവശത്ത് നാം കാണുന്നത് ദുരിതക്കയത്തിലേക്ക് ആണ്ടാണ്ട് പോകുന്ന പാവങ്ങളെയാണ്.

വിലക്കയറ്റത്തെക്കുറിച്ച് സർക്കാർ വിശദീകരണങ്ങൾ തൃപ്തികരമല്ലെന്നാണ് ശൂറയുടെ അഭിപ്രായം. അതുകൊണ്ട് വിലക്കയറ്റം പിടിച്ചുനിർത്താനുള്ള നടപടികളിലും മാറ്റങ്ങൾ ആവശ്യമാണ്. കരിഞ്ചന്തയും പൂഴ്ത്തിവെപ്പും കർശനമായി നേരിടണം. ഭക്ഷ്യ എണ്ണ പോലുള്ള അവശ്യവസ്തുക്കൾക്ക് നികുതി ചുമത്തുന്നതിനെക്കുറിച്ച് പുനരാലോചിക്കണം.

ബാഹ്യ സാമ്പത്തികശക്തികളുടെ സമ്മർദഫലമായി കാർഷികമേഖലയെ അവഗണിച്ചതാണ് നാണ്യപ്പെരുപ്പത്തിന്റെ ഒരു മുഖ്യ കാരണം. ഗവൺമെന്റ് തുടർന്നുവരുന്ന നയങ്ങളിൽ അടിസ്ഥാനപരമായ മാറ്റം വരുത്തിയാലേ പരിഹാരം സാധ്യമാവൂ എന്നർഥം. ലോക സമ്പദ്ഘടനയിലുണ്ടായിക്കൊണ്ടിരിക്കുന്ന തകിടംമറിച്ചലുകളാണ് ഇവിടെയും പ്രതിഫലിക്കുന്നത്. അമേരിക്കയിലെ ഭവനവായ്പാ പ്രതിസന്ധി (subprime crisis) ലോക സമ്പദ്ഘടനയെ പിടിച്ചുലച്ചു. ഇതിന്റെ ഫലമായി ലോകവ്യാപകമായി കാർഷികോൽപന്നങ്ങൾക്ക് 73 ശതമാനം വില വർധിച്ചതായി ലോകബാങ്ക് പറയുന്നു. മെക്സിക്കോ പോലുള്ള നാടുകളിൽ അത് ഭക്ഷ്യകലാപത്തിനു തന്നെ വഴിയൊരുക്കി. യൂറോപ്പും ആഫ്രിക്കയും തെക്കു പടിഞ്ഞാറൻ ഏഷ്യയും ഭക്ഷ്യ

## ഗസ്സ ഉപരോധവും ഇസ്രയേലിന്റെ ഹുങ്കും

കഴിഞ്ഞ അറുപത് വർഷമായി ഇസ്രയേൽ കിരാത വാഴ്ചയുടെ ഇരകളായി കഴിഞ്ഞുകൂടുകയാണ് ഫലസ്തീനികൾ. ഏതാനും മാസങ്ങളായി ഗസ്സയെ നാനാഭാഗത്തുനിന്നും ഉപരോധിച്ചിരിക്കുകയുമാണ്. ആശങ്കാജനകമാണ് സ്ഥിതിവിശേഷം. ഇസ്രയേൽ നടപടിയെ ശൂറാ കടുത്ത ഭാഷയിൽ അപലപിക്കുന്നു. അടിസ്ഥാന ആവശ്യങ്ങളൊക്കെ ഫലസ്തീനികൾക്ക് നിഷേധിച്ചിരിക്കുകയാണ്. ഭക്ഷണവും വൈദ്യുതിയും വെള്ളവും ഗസ്സയിൽ എത്തുന്നത് തടയുന്നു. ഗസ്സനിവാസികൾ ദുരിതക്കയത്തിലാണ്. സ്ത്രീകളെയും കുട്ടികളെയുമാണ് ഉപരോധം ഏറ്റവും പ്രതികൂലമായി ബാധിക്കുന്നത്. പരിഷ്കൃതർ എന്ന് സ്വയം അഭിമാനിക്കുന്നവർ മനഃപൂർവം ഉണ്ടാക്കിയതാണ് ഈ ദുരന്തം. ഉപരോധത്തിന്റെ ഫലമായി 80 ശതമാനം ഫലസ്തീനികളും തൊഴിൽരഹിതരായി. അസംസ്കൃത വസ്തുക്കൾ കിട്ടാനില്ലാത്തതുകൊണ്ട് ഫാക്ടറികൾ പൂട്ടി. ധാന്യങ്ങളും പഴവർഗങ്ങളും തടഞ്ഞുവെക്കുന്നത് പ്രശ്നം രൂക്ഷമാക്കുന്നു. ഇരുട്ടിലാണ് മിക്കപ്പോഴും ഗസ്സ നഗരം. പോരാത്തതിന് ഇസ്രയേലിന്റെ തുടർച്ചയായ ബോംബാക്രമണവും. ബോംബിംഗിന് കൂടുതലും ഇരകളാവുന്നത് സ്കൂൾ കുട്ടികളാണ്.

മനുഷ്യത്വഹീനവും കിരാതവുമായ ഉപരോധം എത്രയും വേഗം പിൻവലിക്കാനും ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ഹമാസ് ഗവൺമെന്റിനെ അട്ടിമറിക്കാനുള്ള വൻശക്തികളുടെ നീക്കം ഉപേക്ഷിക്കാനും ലോക രാഷ്ട്ര വേദിയായ യു.എന്നും മുസ്‌ലിം രാഷ്ട്ര കൂട്ടായ്മകളും ഇടപെടണമെന്ന് ശൂറാ ആവശ്യപ്പെടുന്നു. ഇക്കാര്യത്തിൽ മുസ്‌ലിം രാഷ്ട്രങ്ങളുടെ കുറ്റകരമായ മൗനത്തിൽ ശൂറാ ശക്തമായ പ്രതിഷേധമറിയിക്കുകയും ചെയ്യുന്നു.

പ്രതിസന്ധിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. നിർഭാഗ്യകരമെന്ന് പറയട്ടെ, ഇത്തരം വിനാശകരമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന മുതലാളിത്ത സമ്പദ്ക്രമത്തെ കണ്ണും പൂട്ടി അനുകരിക്കുകയാണ് നമ്മുടെ ഭരണകർത്താക്കൾ. വിലക്കയറ്റം സൃഷ്ടിക്കുന്ന ഊഹക്കച്ചവടങ്ങളും (speculations) മുതലാളിത്തത്തിന്റെ സൃഷ്ടിയാണ്. ഊഹങ്ങളാണ് എണ്ണ വിലയിൽ കൃത്രിമമായ വർധനവുണ്ടാക്കുന്നത്.

ലോക സമ്പദ്ഘടനയെ കാർന്നുതിന്നുന്ന മുഖ്യ വില്ലൻ പലിശയാണെന്ന് തിരിച്ചറിഞ്ഞ്, അതിനെതിരെ ശക്തമായ പ്രതിരോധം തീർക്കുന്ന ഇസ്‌ലാമിക സമ്പദ്ഘടനയെക്കുറിച്ച് പഠിക്കാൻ ഭരണകൂടം തയാറാകുമെന്ന് ശൂറാ പ്രത്യാശിക്കുന്നു. ഇസ്‌ലാം പലിശരഹിത സമ്പദ്ഘടനയാണ് മുന്നോട്ടുവെക്കുന്നത്. അത്തരമൊരു ഘടനയിൽ കൃത്രിമമായ വിലക്കയറ്റം ഉണ്ടാക്കാൻ സാധ്യമല്ല. അമേരിക്കയിലെ ഭവനവായ്പാ പ്രതിസന്ധി ലോക വ്യാപകമായിതന്നെ ഇസ്‌ലാമിക ബദലിനെക്കുറിച്ച അന്വേഷണത്തെ ത്വരിതപ്പെടുത്തുമെന്നാണ് ശൂറായുടെ പ്രതീക്ഷ.

## വർധിക്കുന്ന കർഷക ആത്മഹത്യ

രൂക്ഷമാകുന്ന കാർഷിക പ്രതിസന്ധിയിലും വർധിച്ചുവരുന്ന കർഷക ആത്മഹത്യയിലും ശൂറാ ഉത്കണ്ഠ രേഖപ്പെടുത്തുന്നു. ഇതിനകം ഒന്നര ലക്ഷത്തോളം കർഷകർ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ, പ്രത്യേകിച്ച് മഹാരാഷ്ട്രയിലും ആന്ധ്രയിലും, ആത്മഹത്യ ചെയ്തിട്ടുണ്ടെന്നാണ് റിപ്പോർട്ടുകൾ. ഈ പ്രശ്നത്തിന്റെ വേരുകൾ കിടക്കുന്നത് രാജ്യത്തിന്റെ അടിസ്ഥാന സാമ്പത്തിക നയങ്ങളിലാണ്. സർക്കാറിന്റെ പുതിയ കാർഷിക നയം പരമ്പരാഗത കൃഷിയെ അവഗണിക്കുന്നതും കോർപറേറ്റ് കൃഷിയിൽ ഊന്നുന്നതുമാണ്. സർക്കാറിന്റെ ലക്ഷ്യങ്ങൾ ഇവിടെ മറനീക്കി പുറത്തു വന്നിരിക്കുന്നു. ലോക സാമ്പത്തിക സ്ഥാപനങ്ങളുടെ സമ്മർദത്താൽ ഉണ്ടാക്കിയ ഇത്തരം സാമ്പത്തിക നയങ്ങളാണ് കർഷകന്റെ ഇന്നത്തെ ദുഃസ്ഥിതിക്ക് കാരണം.

സർക്കാർ കർഷകരുടെ കടം എഴുതിത്തള്ളിയതിനു ശേഷവും വിദർഭയിൽ മുന്നൂറു പേർ ആത്മഹത്യ ചെയ്തെന്നാണ് റിപ്പോർട്ട്. കടം എഴുതിത്തള്ളൽ

## മുസ്‌ലിംകൾക്കുമേൽ ഭീകരമുദ്ര ചാർത്തുന്നു

അമേരിക്കയും യൂറോപ്പും 'ഭീകരതാവിരുദ്ധയുദ്ധ'ത്തിന്റെ പേരിൽ ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരെ നടത്തുന്ന നീക്കങ്ങളത്രയും അപ്പടി അനുകരിക്കാനാണ് നമ്മുടെ നാട്ടിലെ ഭരണകർത്താക്കളും ശ്രമിക്കുന്നത്. എവിടെ ഭീകരാക്രമണം നടന്നാലും ഉടൻ അതിന്റെ ഉത്തരവാദിത്വം മുസ്‌ലിംകളിൽ ചാർത്തുകയായി. പോലീസും രഹസ്യാന്വേഷണ ഏജൻസികളും അന്വേഷണം നടത്തുന്നതിനു മുമ്പുതന്നെ മുസ്‌ലിംകളെ പ്രതിപ്പട്ടികയിൽ ചേർക്കുന്നതായാണ് കണ്ടുവരുന്നത്. അതിന് അനുകൂലമായ അന്തരീക്ഷം മീഡിയ സൃഷ്ടിച്ചുകൊടുക്കുകയും ചെയ്യുന്നു. ആക്രമിക്കപ്പെട്ടത് മസ്ജിദാവട്ടെ, ഖബ്റിസ്ഥാനാവട്ടെ, ദർഗയോ പാർലമെന്റോ ആവട്ടെ, രഹസ്യാന്വേഷണ ഏജൻസികൾ ഒരു മുസ്‌ലിം സംഘടനക്കെതിരെ വിരൽ ചൂണ്ടും; അവർക്ക് ഏതോ സായുധ സംഘങ്ങളുമായി ബന്ധമുണ്ടെന്ന് ആരോപിക്കും. ഇതിനൊന്നും തെളിവുകൾ ഹാജരാക്കുകയില്ല. ഇത്തരം നിരുത്തരവാദപരമായ നടപടികളിൽനിന്ന് ഭരണകൂടം പിൻമാറണമെന്ന് ശൂറാ ആവശ്യപ്പെടുന്നു. അന്വേഷണം നടക്കുന്നതിനും കുറ്റം തെളിയിക്കപ്പെടുന്നതിനും മുമ്പ് എന്തും പറയാൻ രഹസ്യാന്വേഷണ വിഭാഗങ്ങളെ അനുവദിക്കരുത്. നിരുത്തരവാദപരവും നീചവുമായ ഇത്തരം പ്രചാരണങ്ങൾ മുസ്‌ലിം സമൂഹത്തെ എപ്പോഴും സംശയത്തിന്റെയും തെറ്റിദ്ധാരണകളുടെയും നിഴലിൽ നിർത്തുന്നു. രാജ്യത്തെ സംബന്ധിച്ചേടത്തോളം ഒട്ടും ശുഭകരമല്ല ഇത്.

ഭീകര ബന്ധമാരോപിച്ച് പിടികൂടപ്പെട്ട മുസ്‌ലിം ചെറുപ്പക്കാരിൽ ഭൂരിഭാഗത്തെയും കോടതികൾ കുറ്റവിമുക്തരാക്കിയിട്ടുണ്ടെങ്കിലും, അവരുടെ ജീവിതത്തിലെ നല്ല വർഷങ്ങൾ ഇതിനകം ജയിലഴികൾക്കുള്ളിൽ ഹോമിക്കപ്പെടുകയാണുണ്ടായത്. അവരുടെ നെറ്റിയിൽ 'ഭീകരൻ' എന്ന മുദ്ര പതിച്ചുകൊടുത്തിട്ടുമുണ്ടാവും. വർഗീയ ഫാഷിസ്റ്റു സംഘടനകളിൽ പെട്ടവരാണ് ഭീകരകൃത്യം നടത്തിയത് എന്നു തെളിഞ്ഞാൽപോലും അവരെ രക്ഷപ്പെടുത്തുന്ന നടപടിക്രമങ്ങളാണ് അധികൃതർ സ്വീകരിക്കുന്നത്. ഇത്തരം സംഭവങ്ങൾ ഒതുക്കാൻ മീഡിയ കൂട്ടുനിൽക്കുകയും ചെയ്യുന്നു. ഈ ഇരട്ടത്താപ്പ് ഉടൻ അവസാനിപ്പിക്കണം.

ജമാഅത്തെ ഇസ്‌ലാമിക്കെതിരെയും ചില മീഡിയ തെറ്റിദ്ധാരണകൾ പരത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ജമാഅത്തെ ഇസ്‌ലാമി ഒരു ഭരണഘടനയനുസരിച്ച് പ്രവർത്തിക്കുന്ന സംഘടനയാണ്. അതിന്റെ പ്രവർത്തനരീതികൾ സമാധാനപരവും ജനാധിപത്യപരവുമായിരിക്കുമെന്ന് അതിൽ വ്യക്തമാക്കിയിട്ടുണ്ട്; രാജ്യത്ത് വർഗീയതയും കുഴപ്പവും കലാപവുമുണ്ടാക്കുന്ന സകല പ്രവൃത്തികളിൽനിന്നും വിട്ടുനിൽക്കുമെന്നും. മറ്റു മുസ്‌ലിം സംഘടനകൾക്കെതിരിലുള്ള ആരോപണങ്ങളും ഇതുപോലെ അടിസ്ഥാനരഹിതമാണ്. സമനില നഷ്ടപ്പെട്ട് പെരുമാറുന്ന പോലീസിനെയും രഹസ്യാന്വേഷണ ഏജൻസികളെയും നിലക്ക് നിർത്തണമെന്നും രാജ്യത്ത് കുഴപ്പം സൃഷ്ടിക്കാനുള്ള ശ്രമങ്ങളെ ഫലപ്രദമായി ചെറുക്കണമെന്നും ശൂറാ കേന്ദ്ര സർക്കാറിനോട് ആവശ്യപ്പെടുന്നു.

പ്രശ്നത്തിന് മുഴുവൻ പരിഹാരമല്ല എന്നാണ് ഇത് കാണിക്കുന്നത്. കടം എഴുതിത്തള്ളുന്നതിന് ഭൂപരിധി നിശ്ചയിച്ചത് പ്രതികൂലമായി ബാധിച്ചു. കർഷകരധികവും സ്വകാര്യ വ്യക്തികളിൽനിന്ന് വായ്പ വാങ്ങിയവരാണ് എന്നതാണ് മറ്റൊരു പ്രശ്നം. ആന്ധ്രയിലെ 70 ശതമാനം കർഷകരും ഇങ്ങനെ കടം വാങ്ങിയവരാണ്. ഈ കർഷകരുടെ കടം എഴുതിത്തള്ളുന്നതിൽ പെടുന്നില്ല.

കടം എഴുതിത്തള്ളൽ ഒരു ഭാഗിക പരിഹാരം മാത്രമാണ്. പരിഹാരമാർഗങ്ങൾ വേറെത്തന്നെ അന്വേഷിക്കണം. രാധാകൃഷ്ണൻ കമ്മിറ്റി നിർദേശങ്ങൾ ഇക്കാര്യത്തിൽ പരിഗണനയർഹിക്കുന്നു. കാർഷികോൽപന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പ് വരുത്തുക, പലിശരഹിതവായ്പകൾ അനുവദിക്കുക, വിത്തുകളും കീടനാശിനികളും വിപണനം നടത്തുന്ന കമ്പനികളുടെ വിശ്വാസ്യത ഉറപ്പ് വരുത്തുക തുടങ്ങിയ നിർദേശങ്ങൾ ഉടനടി നടപ്പിലാക്കണം.

കാർഷികത്തകർച്ചയിൽ വലിയ പങ്ക് വഹിച്ചത് പലിശയാണെന്ന് ശൂറാ വിലയിരുത്തുന്നു. പണം കടം കൊടുക്കുന്നവർ (money lenders)നിയമവിരുദ്ധമായി കനത്ത പലിശയാണ് കർഷകരുടെ മേൽ ചുമത്തുന്നത്. ഇതു തടയാൻ നിലവിലുള്ള മണി ലെന്റേഴ്സ് ആക്ടുകൾ ഭേദഗതി ചെയ്യണം. ചെറുകിട വ്യാപാരരംഗത്തേക്കുള്ള കുത്തകകളുടെ രംഗപ്രവേശം പ്രതിസന്ധി കൂടുതൽ രൂക്ഷമാക്കുന്നു.

## ജാമിഅ മില്ലിയ്യക്ക് ന്യൂനപക്ഷപദവി

ജാമിഅ മില്ലിയ്യ ഇസ്‌ലാമിയ്യക്ക് ന്യൂനപക്ഷപദവി നൽകണമെന്നും സുപ്രീം കോടതി അംഗീകരിച്ച ഒ.ബി.സി സംവരണത്തിൽനിന്ന് സ്ഥാപനത്തെ ഒഴിവാക്കണമെന്നും ജമാഅത്ത് ശൂറാ ആവശ്യപ്പെടുന്നു. ഒരുവശത്ത് ഗവൺമെന്റ് മുസ്‌ലിംകളുടെ പിന്നാക്കാവസ്ഥ അംഗീകരിക്കുന്നു, ചില വാഗ്ദാനങ്ങളൊക്കെ നൽകുന്നു. മറുവശത്ത് മുസ്‌ലിംകളാൽ നിർമിതമായ സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷപദവി നൽകുന്നതിൽ ഒളിച്ചു കളിക്കുകയും ചെയ്യുന്നു. കഴിഞ്ഞ മൂന്നു വർഷമായി ജാമിഅയിലെ അധ്യാപകരും വിദ്യാർഥികളും സ്ഥാപനവുമായി ബന്ധപ്പെട്ട വിദഗ്ധരും പണ്ഡിതന്മാരുമെല്ലാം ജാമിഅക്ക് ന്യൂനപക്ഷപദവി നൽകണമെന്ന് മനുഷ്യ വിഭവശേഷി മന്ത്രാലയത്തോട് ആവശ്യപ്പെട്ടു കൊണ്ടിരിക്കുന്നു. തീരുമാനമെടുക്കാതെ മന്ത്രാലയം ഒഴിഞ്ഞുമാറുകയാണ്.

ഇന്ത്യൻ സ്വാതന്ത്ര്യസമരം നടക്കുന്ന വേളയിൽ മൗലാനാ മഹ്മൂദുൽ ഹസൻ, മൗലാനാ മുഹമ്മദലി ജൗഹർ പോലുള്ള മുസ്‌ലിം നേതാക്കൾ ചേർന്നാണ് ജാമിഅ സ്ഥാപിച്ചത്. ജാമിഅയുടെ ചാർട്ടറിൽ ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിക്കുന്നേടത്ത്, ഇന്ത്യൻ മുസ്‌ലിംകളുടെ വിദ്യാഭ്യാസപരമായ ആവശ്യങ്ങൾ പൂർത്തീകരിക്കാനാണ് ഇത് സ്ഥാപിതമായിട്ടുള്ളത് എന്ന് വ്യക്തമായി എഴുതിയിട്ടുണ്ട്. ഈ സ്പഷ്ടമായ ചരിത്രസത്യത്തെയാണ് തമസ്കരിക്കാൻ ശ്രമിക്കുന്നത്. ഒട്ടും കാലതാമസം കൂടാതെ ജാമിഅക്ക് ന്യൂനപക്ഷപദവി അനുവദിക്കണമെന്നും പുതിയ ഒ.ബി.സി സംവരണ നിയമത്തിൽ നിന്ന് അതിനെ ഒഴിവാക്കണമെന്നും ശൂറാ ആവശ്യപ്പെടുന്നു.

## മുസ്‌ലിംകൾക്കെതിരെ സർക്കാർ മെഷിനറിയുടെ ദുരുപയോഗം

പോലീസ്, സെക്യൂരിറ്റി ഏജൻസികൾ, സ്പെഷൽ ടാസ്ക് ഫോഴ്സ് പോലുള്ള ഗവൺമെന്റ് മെഷിനറികൾ മുസ്‌ലിംകളെ, പ്രത്യേകിച്ച് ചെറുപ്പക്കാരെ ന്യായമായ കാരണങ്ങളില്ലാതെ പിടിച്ചുകൊണ്ടുപോവുന്നതും അവരുടെ കുടുംബങ്ങളെ മാനസികമായി പീഡിപ്പിക്കുന്നതും ഒറ്റപ്പെട്ട സംഭവങ്ങളല്ലെന്ന് ശൂറാ മനസ്സിലാക്കുന്നു. നിയമവിധേയമായിട്ടല്ല പലപ്പോഴും അറസ്റ്റുകൾ നടക്കുന്നത്. അറസ്റ്റു ചെയ്ത് ആഴ്ചകൾ കഴിഞ്ഞിട്ടാവും ചിലപ്പോൾ ആ വിവരം പുറത്തറിയിക്കുന്നത്. പീഡിപ്പിച്ച് കുറ്റസമ്മതം നടത്തിക്കുന്നതായും ആരോപണമുണ്ട്. മാധ്യമങ്ങൾ അന്വേഷണം നടത്താതെ ഈ ആരോപണങ്ങൾ ഏറ്റുപിടിച്ച് മുസ്‌ലിംവിരുദ്ധ ചുറ്റുപാട് സൃഷ്ടിച്ചെടുക്കുന്നു. ഇത്തരം വൈകാരികാന്തരീക്ഷത്തിൽ നീതിപീഠത്തിന്റെ സഹായം പോലും മുസ്‌ലിം കുറ്റാരോപിതർക്കു നിഷേധിക്കപ്പെടുന്നു. കുറ്റാരോപിതർക്ക് വേണ്ടി വാദിക്കുകയില്ലെന്ന് പറയുന്ന ബാർ കൗൺസിലുകളുടെ എണ്ണം വർധിച്ചുവരുന്നു. രാജ്യത്ത് നേരത്തേതന്നെ വേരോടി നിൽക്കുന്ന മുസ്‌ലിംവിരുദ്ധ ചിന്താഗതിക്ക് ശക്തി പകരുന്നവയാണ് ഈ സംഭവങ്ങളെല്ലാം.

നീതിനിഷേധങ്ങൾ അവസാനിപ്പിക്കണമെന്നും തെളിവുകളില്ലാതെ അറസ്റ്റു ചെയ്യപ്പെട്ട മുസ്‌ലിം യുവാക്കളെ ഉടനടി മോചിപ്പിക്കണമെന്നും ശൂറാ ആവശ്യപ്പെടുന്നു. പിടികൂടപ്പെട്ടവർക്ക് നിരപരാധിത്വം തെളിയിക്കാനുള്ള അവസരം നൽകണം. ബന്ധുക്കളെ മാനസികമായി പീഡിപ്പിക്കുന്നത് നിർത്തണം. പോലീസും സുരക്ഷാ ഏജൻസികളും നിയമവിരുദ്ധമായി പ്രവർത്തിക്കുന്നത് അവസാനിപ്പിക്കണം.

മുസ്‌ലിംവിരുദ്ധ നീക്കങ്ങൾക്കെതിരെ ഒരു രാഷ്ട്രീയ പാർട്ടിയും പ്രതികരിക്കുന്നില്ലെന്നത് ഏറെ ആശങ്കാജനകമാണ്. മൗനം പാലിച്ചാൽ അത്തരം നീക്കങ്ങളെ അനുകൂലിക്കുന്നു എന്നാണർഥം. ഇന്ത്യയിലെ ഒരു വലിയ ജനവിഭാഗത്തെ കുറ്റവാളികളായി മുദ്രയടിക്കാനുള്ള നീക്കം രാജ്യത്തിന് ഒരു ഗുണവും ചെയ്യില്ല. രാഷ്ട്രീയ പാർട്ടികൾ ഉത്തരവാദിത്വബോധത്തോടെ ഇതിനെതിരെ രംഗത്തു വരണം. പോലീസിന്റെ മെഗാഫോണുകളാവാതെ നിഷ്പക്ഷമായും സത്യസന്ധമായും സംഭവങ്ങൾ അന്വേഷിക്കാൻ മാധ്യമങ്ങൾ തയാറാവണമെന്നും ശൂറാ ഉണർത്തി. ■